## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2897 | 06.11.2019 ൽ മറുപടിയ്ക്ക്

## ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐക്ക് പുതിയ കെട്ടിടം

*ചോദ്യം*
ശ്രീ.സി.എഫ്.തോമസ് :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| **(എ)** ചങ്ങനാശ്ശേരി പെരുന്ന ഗവ: എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് പ്രവർത്തിക്കുന്ന ചങ്ങനാശ്ശേരി വനിതാ ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം പണിയുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;<br><br>**(ബി)** ഇതിനാവശ്യമായ സ്ഥലം ചങ്ങനാശ്ശേരി നഗരസഭ വിട്ടുതരാമെന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുവാൻ ആരംഭിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br><br>**(സി)** ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും സ്ഥലപരിമിതി മൂലം വനിതാ ഐ.ടി.ഐ. പുതിയ സ്ഥലത്തേക്ക് മാറ്റുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ? | | **(എ)യും (ബി)യും (സി)യും**<br><br>ചങ്ങനാശ്ശേരി (വനിത) ഐ.ടി.ഐയ്ക്ക് പുതിയ കെട്ടിടം പണിയുവാൻ സ്വന്തമായി ഭൂമി അനുവദിച്ച് ഇതുവരെയും വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ആവശ്യത്തിലേയ്ക്കായി 50 സെന്റ് ഭൂമി കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി ചങ്ങനാശ്ശേരി നഗരസഭ സമർപ്പിച്ച അപേക്ഷ റവന്യൂ വകുപ്പ് പരിശോധിച്ച് വരികയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചങ്ങനാശ്ശേരി വനിത ഐ.ടി.ഐ സ്ഥലപരിമിതിമൂലം ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് യാതൊരു ശിപാർശയും സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ